IT @ School
DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

**IT@SCHOOL STATE PROJECT OFFICE**
(IT Project under Directorate of Public Instruction)

VICTERS

(The complete educational channel)
POOJAPPURA. P.O., THIRUVANANTHAPURAM - 12
Ph: 0471-2529800 Fax: 0471-2529810
E-mail: contact@itschool.gov.in, victers@itschool.gov.in
Website: www.itschool.gov.in, www.victers.itschool.gov.in

നം. ITS/2015/12/1481 (21) തീയതി : 15.12.2015

## സർക്കലർ

**വിഷയം:- ഐടി@സ്കൂൾ പ്രോജക്റ്റ് - റാസ്പ്ബെറിപൈ കമ്പ്യൂട്ടർ സമ്മാനമായി ലഭിച്ച വിദ്യാർത്ഥികൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ നടത്തുന്ന കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് പരിശീലനം നടത്തുന്നതു സംബന്ധിച്ച്-**

സൂചന:- 17-11-2015 ലെ കേരള സ്റ്റാർട്ടപ്പ്മിഷൻ സി.ഇ.-യുടെ KSUM/2015-16/ Rpi/11/01 കത്ത്
15.12-2015 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ NEP(3) 72704/2015/ഡിപിഐ നമ്പർ സർക്കലർ

സംസ്ഥാനത്തെ സർക്കാർ/എയിഡഡ്/അൺഎയിഡഡ് സ്കൂളുകളിലെ റാസ്ബറി പൈ കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് 6 ദിവസത്തെ പ്രോഗ്രാമിംഗ് പരിശീലനം 2016 ജനുവരിയിൽ നടത്തുന്നതാണ്. രണ്ടു ഘട്ടങ്ങളിലായി ജില്ലാടിസ്ഥാനത്തിൽ വിവിധ കേന്ദ്രങ്ങളിൽ മുൻകൂട്ടി തയ്യാറാക്കിയ മോഡ്യൂൾ പ്രകാരമായിരിക്കണം പരിശീലനം നടത്തേണ്ടത്. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലായി പ്രസ്തുത പരിശീലനം ക്രമീകരിക്കേണ്ടതാണ്. ഒരു ബാച്ചിൽ 24 പേരെ ഉൾപ്പെടുത്തിയിരിക്കണം. റാസ്പ്ബെറിപൈ കമ്പ്യൂട്ടറുകൾ പരിശീലന ദിവസങ്ങളിൽ കുട്ടികൾ കൊണ്ടുവരേണ്ടതാണ്.

ഐ.ടി.@സ്കൂൾ പ്രോജക്റ്റിന്റെ ജില്ലാ കേന്ദ്രങ്ങൾക്കു പുറമെ സൗകര്യപ്രദമായ ഗവ./എയിഡഡ്/അൺഎയിഡഡ് വിദ്യാലയങ്ങളിലെ കമ്പ്യൂട്ടർ ലാബുകൾ പരിശീലനത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം മുൻവർഷം റാസ്പ്ബെറിപൈ പരിശീലനത്തിനായി നൽകിയ റോബോട്ടിക് കിറ്റുകൾക്കു പുറമെ ഈ വർഷം ലഭ്യമാകുന്ന കിറ്റുകളും ചേർത്ത് ഒരു പരിശീലകന് ഒരെണ്ണം എന്ന അനുപാതത്തിൽ R.P.മാരെ DRG പരിശീലനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലനത്തിൽ 2 പരിശീലകരാണ് ഓരോ കേന്ദ്രത്തിലും നിയമിക്കപ്പെടേണ്ടത്. പരിശീലകർക്ക് പ്രതിദിനം 250/-രൂപ ഹോണറേറിയമായി നൽകുന്നതാണ്. ആവശ്യമെങ്കിൽ പരിശീലക സഹായികളെന്ന നിലയിൽ മുൻവർഷം റാസ്പ്ബെറിപൈ പരിശീലനം നേടിയ 2 വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

**District wise Robotic Kits' status and requirement**

| Sl. No. | District | No. of Existing Kits | Required No. of Kits | Balance to provide |
|---|---|---|---|---|
| 1 | Thiruvananthapuram | 11 | 28 | 17 |
| 2 | Kollam | 10 | 24 | 14 |
| 3 | Pathanamthitta | 6 | 17 | 11 |
| 4 | Alappuzha | 11 | 20 | 9 |
| 5 | Kottayam | 11 | 26 | 15 |
| 6 | Ernakulam | 12 | 34 | 22 |
| 7 | Idukki | 5 | 17 | 12 |
| 8 | Palakkad | 3 | 22 | 19 |
| 9 | Thrissur | 10 | 27 | 17 |
| 10 | Malappuram | 7 | 32 | 25 |
| 11 | Kozhikode | 8 | 21 | 13 |
| 12 | Kannur | 8 | 21 | 13 |
| 13 | Wayanad | 3 | 9 | 6 |
| 14 | Kasargod | 5 | 16 | 11 |
| | | **110** | **314** | **204** |

ജില്ലാടിസ്ഥാനത്തിൽ ഡിസംബർ 16 മുതൽ 18 വരെ നടത്തുന്ന ത്രിദിന പരിശീലനത്തിൽ നിയോഗിക്കപ്പെടുന്ന എസ്ഐടിസിമാർക്ക് 400/- രൂപയും മാസ്റ്റർ ട്രെയിനർമാർക്ക് 250/- രൂപ ഹോണറേറിയവും ഭക്ഷണത്തിന് 125/- രൂപയും പ്രതിദിനം നൽകേണ്ടതാണ്. പ്രസ്തുത പരിശീലനത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള R.P.മാർക്ക് ഭക്ഷണത്തിനു പുറമേ 400/- രൂപ പ്രതിദിനം ഹോണറേറിയമായി അനുവദിച്ചിട്ടുണ്ട്. ഡിസംബർ 7 മുതൽ 9 എറണാകുളത്ത് നടന്ന SRG പരിശീലനത്തിൽ പങ്കെടുത്ത R.P. മാർക്കും പ്രതിദിനം 400/- രൂപ ഹോണറേറിയത്തിന് അർഹതയുണ്ട്.

പരിശീലനത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ റാസ്പ്ബറിപൈ കമ്പ്യൂട്ടർ സംബന്ധിച്ച വിവരങ്ങൾ, ഹാജർ, തയ്യാറാക്കിയ നിർമ്മിതികളുടെ ഡാറ്റാ തുടങ്ങിയവ ഓൺലൈൻ സംവിധാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പ്രോഗ്രാമിംഗിൽ പ്രയോജനപ്രദമായ വിധത്തിലും താത്പര്യം വർദ്ധിപ്പിക്കുന്നതിന് സഹായകമായ രീതിയിലുമായിരിക്കണം പരിശീലനം ക്രമീകരിക്കേണ്ടത്. സ്റ്റേറ്റ് പ്രോജക്ട് ഓഫീസിൽ നിന്നുള്ള നിർദ്ദേശാനുസരണം, കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖാന്തരം അനുവദിക്കുന്ന തുകയാണ് പ്രസ്തുത പരിശീലന പരിപാടികൾക്ക് ചെലവഴിക്കേണ്ടത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും മാസ്റ്റർ ട്രെയിനർമാർക്കും

എല്ലാ സർക്കാർ, എയിഡഡ്, അൺഎയിഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ കോർഡിനേറ്റർ മുഖാന്തരം)

സ്റ്റോക്ക് ഫയൽ